(എഫ്) എങ്കിൽ എത്രയായിട്ടാണ് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നത്;

(ജി) പ്രസ്തുത വർദ്ധന എന്നത്തേക്ക് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 18,000 രൂപ വരെ വാർഷിക വരുമാനമുള്ള മുസ്ലീം/നാടാർ പെൺകുട്ടികൾക്ക്, യു. പി. ക്ലാസുകളിൽ 75 രൂപ വീതവും, ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ 100 രൂപ വീതവും പ്ലസ് വൺ, പ്ലസ് ടു, ബിരുദം, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 125 രൂപ വീതവും പ്രതിവർഷം നൽകിവരുന്നു.

(ബി) സ്കൂൾ തലത്തിൽ ഭാഗികമായും, ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും 2002-03 വർഷം വരെ പൂർണ്ണമായും, 2003-04-ൽ ഭാഗികമായും മുസ്ലീം നാടാർ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

(സി) 5,05,89,406 (അഞ്ച് കോടി അഞ്ച് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി നാന്നൂറ്റി ആറ്) രൂപ നാളിതുവരെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്.

(ഡി) കുടിശ്ശിക കൊടുത്തു തീർക്കാനുള്ള അടിയന്തിര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഇ) ഇപ്പോൾ ഉദ്ദേശമില്ല.

(എഫ് & ജി) ഇ-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വിദ്യാഭ്യാസ ജില്ലാ കായികമേളയിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ്

49 [1407] ശ്രീ. എഴുകോൺ നാരായണൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, പി. ജെ. ജോയി:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ജില്ലാ കായികമേളകളിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകിയിരുന്നുവോ;

(ബി) എങ്കിൽ എന്തു തുക വീതമാണ് നൽകിയിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത മേളകളുടെ നടത്തിപ്പിന് പ്രതിവർഷം എത്ര തുക വേണ്ടി വരുന്നുണ്ട്;

(ഡി) ഈ വർഷം ഈ പദ്ധതി വേണ്ടെന്ന് വച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകുന്നുണ്ട്.

(ബി) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 300, 200, 100 രൂപ വീതം നൽകിവരുന്നു.

(സി) ക്യാഷ് അവാർഡ് നൽകുന്നതുൾപ്പെടെ 72 ലക്ഷത്തിൽപരം രൂപ പ്രതിവർഷം വേണ്ടിവരുന്നുണ്ട്.

(ഡി) ഈ വർഷവും നടപ്പിലാക്കിയിരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ഗവൺമെന്റ് ഹൈസ്ക്കൂൾ കെട്ടിടം പുതുക്കിപ്പണിയാൻ പ്രോജക്ട്

50 [1410] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് ഹൈസ്ക്കൂളിന് നിലവിൽ എത്ര ഏക്കർ സ്ഥലമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹൈസ്ക്കൂളിന്റെ കെട്ടിടം പുതുക്കിപ്പണിയാൻ കാസർഗോഡ് മുനിസിപ്പാലിറ്റി പ്രോജക്ടുകളെന്തെങ്കിലും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേൽ പ്രോജക്ടിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ടിൻമേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4.75 ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly